# ഉള്ളടക്കം


| | | പേജ് |
|---|---|---|
| | കൃതജ്ഞത | |
| | ചുരുക്കെഴുത്ത് സൂചിക | |
| **ഉപോദ്ഘാതം** | | |
| 0.1 | പ്രബന്ധശീർഷകം | 1 |
| 0.2 | പഠനലക്ഷ്യം | 1 |
| 0.3 | പഠനത്തിന്റെ പ്രസക്തിയും പ്രാധാന്യവും | 1 |
| 0.4 | പൂർവ്വപഠനങ്ങൾ | 2 |
| 0.5 | പഠനമേഖല | 4 |
| 0.6 | പഠനരീതി | 4 |
| 0.7 | പ്രബന്ധസ്വരൂപം | 4 |
| **അദ്ധ്യായം ഒന്ന് – പാരിസ്ഥിതിക സ്ത്രീവാദം** | | |
| 1.0 | പാരിസ്ഥിതിക സ്ത്രീവാദം | 8 |
| 1.1 | പരിസ്ഥിതിയും സ്ത്രീവാദവും | 9 |
| 1.2 | പ്രകൃതിവീക്ഷണങ്ങളിൽ വന്ന മാറ്റങ്ങൾ | 11 |
| 1.3 | സ്ത്രീയ്ക്കുമേലുള്ള അധിനിവേശത്തിന്റെ ചരിത്രം | 13 |
| 1.4 | പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പ്രാഥമികലക്ഷ്യങ്ങൾ | 16 |
| 1.5 | പ്രകൃതി – സ്ത്രീബന്ധ ചർച്ചകൾ; പാരിസ്ഥിതിക സ്ത്രീവാദവീക്ഷണത്തിൽ | 17 |
| 1.6 | പാരിസ്ഥിതിക സ്ത്രീവാദത്തിലെ പരിസ്ഥിതി വീക്ഷണം | 20 |
| 1.7 | ഗഹനപരിസ്ഥിതിവാദവും പാരിസ്ഥിതിക സ്ത്രീവാദവും തമ്മിലുള്ള വ്യത്യസ്തതകൾ | 21 |
| 1.8 | പാരിസ്ഥിതിക സ്ത്രീവാദത്തിലെ സ്ത്രീവാദം | 22 |
| 1.9 | പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ മുൻധാരണകൾ | 24 |

1.10 പാരിസ്ഥിതിക സ്ത്രീവാദം ഉദ്ദേശിക്കുന്ന സാമൂഹ്യപരിവർത്തനങ്ങൾ 27

1.10.1 പരിസ്ഥിതിയിലെ സ്ത്രീപ്രാതിനിധ്യം 27

1.10.2 ഈശ്വരസങ്കൽപ്പം 28

1.10.3 സമൂഹത്തിലെ ശ്രേണീബന്ധങ്ങൾ 28

1.10.4 അധിനിവേശങ്ങൾ 29

1.11 പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ വിവിധ ചിന്താപദ്ധതികൾ 30

1.11.1 ലിബറൽ പാരിസ്ഥിതിക സ്ത്രീവാദം 30

1.11.2 റാഡിക്കൽ പാരിസ്ഥിതിക സ്ത്രീവാദം 30

1.11.3 സാംസ്ക്കാരിക പാരിസ്ഥിതിക സ്ത്രീവാദം 31

1.11.4 സോഷ്യലിസ്റ്റ് പാരിസ്ഥിതിക സ്ത്രീവാദം 31

1.11.5 മൂന്നാം തരംഗ പാരിസ്ഥിതിക സ്ത്രീവാദം 32

1.12 നിർവ്വചനങ്ങൾ 32

1.13 പരിസ്ഥിതിയും ആദിവാസികളും 36

1.14 പാരിസ്ഥിതിക സ്ത്രീവാദത്തിലെ പ്രധാന
വസ്തുതകൾ - ക്രോഡീകരണം 39

1.15 വിഷയത്തിന്റെ പ്രസക്തി 40

1.16 പാരിസ്ഥിതിക സ്ത്രീവാദം സാഹിത്യത്തിൽ 44

കുറിപ്പുകൾ 46

**അദ്ധ്യായം രണ്ട് - പരിസ്ഥിതി**

2.0 പരിസ്ഥിതി 49

2.1 പ്രകൃതിയും മനുഷ്യനും 51

2.2 വിലോഭന നഷ്ടം 54

2.3 പരിസ്ഥിതിദർശനങ്ങൾ 55

2.4 ഗഹനപരിസ്ഥിതിവാദം 56

2.5 സാഹിത്യവും പ്രകൃതിയും 58

2.6 പാരിസ്ഥിതിക വിമർശനം 60
2.7 വത്സലയുടെ നോവലുകളിലെ പ്രകൃതിപരാമർശങ്ങൾ 61
2.7.1 കേവലദൃശ്യങ്ങൾ 62
2.7.1.1 വൃക്ഷം/വനം 62
2.7.1.2 മണ്ണ് 64
2.7.1.3 നീരൊഴുക്കുകൾ 66
2.7.1.4 ജീവജാലങ്ങൾ 68
2.7.2 ദുരന്തദൃശ്യങ്ങൾ 71
2.8 നോവലിസ്റ്റിന്റെ പരിസ്ഥിതിദർശനങ്ങൾ 73
2.8.1 സാകല്യം 73
2.8.2 ഭൗമസദാചാരം 76
2.8.2.1 കാർഷികവൃത്തിയിലെ ധാർമ്മികത 78
2.9 കമ്മ്യൂണിസ്റ്റ് തത്ത്വശാസ്ത്രങ്ങൾ 85
2.10 പശ്ചാദ്ഗമനത്തിന്റെ അപ്രസക്തി 89
2.11 ആത്മീയത 90
2.12 പരിസ്ഥിതിശാസ്ത്രത്തിന്റെ ബഹുസ്വരതകൾ 93
2.13 ഭാഷ 94
2.14 ക്രോഡീകരണം 95
കുറിപ്പുകൾ 97
**അദ്ധ്യായം മൂന്ന് - സ്ത്രീവാദം**
3.0 സ്ത്രീവാദം 102
3.1 സ്ത്രീവാദത്തിന്റെ ചരിത്രം 103
3.2 ഫെമിനിസത്തിന്റെ വിവിധ ചിന്താസ്രോതസ്സുകൾ 103
3.2.1 ലിബറൽ ഫെമിനിസം 103
3.2.2 റാഡിക്കൽ ഫെമിനിസം 104

| | | |
|---|---|---|
| | 3.2.3 സോഷ്യലിസ്റ്റ് ഫെമിനിസം | 104 |
| 3.3 | സ്ത്രീപദവി ഭാരതത്തിൽ | 104 |
| 3.4 | സ്ത്രീ വ്യത്യസ്ത മതവീക്ഷണങ്ങളിൽ | 105 |
| 3.5 | സ്ത്രീ മുന്നേറ്റങ്ങൾ ഭാരതത്തിൽ | 105 |
| 3.6 | സ്ത്രീപദവി കേരളത്തിൽ | 106 |
| 3.7 | കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങൾ | 107 |
| 3.8 | സ്ത്രീവാദവും സ്ത്രീരചനയും | 107 |
| | 3.8.1 ഫെമിനിൻ | 108 |
| | 3.8.2 ഫെമിനിസ്റ്റ് | 109 |
| | 3.8.3 ഫീമെയിൽ | 109 |
| 3.9 | മലയാളത്തിലെ സ്ത്രീരചനകൾ | 109 |
| | 3.9.1 ഒന്നാംഘട്ടം | 110 |
| | 3.9.2 രണ്ടാം ഘട്ടം | 110 |
| | 3.9.3 മൂന്നാം ഘട്ടം | 110 |
| 3.10 | മലയാള നോവലും സ്ത്രീസങ്കൽപ്പവും | 110 |
| 3.11 | സ്ത്രീ നോവലിസ്റ്റുകൾ | 111 |
| | 3.11.1 കെ.സരസ്വതിയമ്മ | 112 |
| | 3.11.2 രാജലക്ഷ്മി | 114 |
| 3.12 | പി.വത്സലയുടെ നോവലുകളിലെ സ്ത്രീവാദം | 117 |
| 3.13 | വത്സലയുടെ നോവലുകളിലെ സ്ത്രീകഥാപാത്രങ്ങൾ | 118 |
| 3.14 | വത്സലയുടെ നോവലുകളിലെ സ്ത്രീവാദത്തിന്റെ വിവിധതലങ്ങൾ | 120 |
| 3.15 | സ്ത്രീ നേരിടുന്ന ചൂഷണങ്ങളുടെ വെളിപ്പെടുത്തലും പ്രതിരോധങ്ങളും | 120 |
| | 3.15.1 ലൈംഗികചൂഷണങ്ങൾ | 121 |
| | 3.15.1.1 ദാരിദ്ര്യം | 121 |
| | 3.15.1.2 അനാഥത്വം | 123 |
| | 3.15.2 കായികചൂഷണങ്ങൾ | 125 |

3.15.2.1 ഇരട്ടി അദ്ധ്വാനം 127

3.15.2.2 പുതിയ തൊഴിലിടങ്ങൾ 129

3.16 സ്വത്വസ്ഥാപനത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ 131

3.16.1 ഭാര്യ 131

3.16.2 കാമുകി/വെപ്പാട്ടി 137

3.16.3 അമ്മ 139

3.16.4 വിലക്കുകളുടെ അതിലംഘനം 140

3.17 സാമൂഹ്യ അനീതിക്കെതിരായുള്ള പോരാട്ടങ്ങൾ 142

3.18 സ്ത്രീവാദവും പുരുഷനും 149

3.19 ഭാഷ 153

3.20 ക്രോഡീകരണം 155

കുറിപ്പുകൾ 157

**അദ്ധ്യായം നാല് - ആദിവാസി പാഠങ്ങൾ**

4.0 ആദിവാസി പാഠങ്ങൾ 161

4.1 കേരളത്തിലെ ആദിവാസികൾ 161

4.1.1 ജീവനോപാധികൾ 162

4.1.2 ആരാധനാരീതികൾ 163

4.1.3 കലകൾ 163

4.1.4 സാമൂഹ്യജീവിതം 164

4.2 ആദിവാസിയുടെ വർത്തമാനസ്ഥിതി 165

4.3 ആദിവാസി സമൂഹസാന്നിദ്ധ്യം മലയാളത്തിൽ 167

4.4 ആദിവാസി സമൂഹ പരാമർശങ്ങൾ പി.വത്സലയുടെ നോവലുകളിൽ 173

4.5 ആദിവാസി കഥാപാത്രങ്ങൾ 175

4.6 വത്സലയുടെ നോവലുകളിലെ ആദിവാസി
ഗോത്രരീതികളുടെ പ്രത്യക്ഷീകരണങ്ങൾ 176

4.6.1 സഹജസ്വഭാവങ്ങൾ 176

4.6.2 ബന്ധങ്ങൾ 179

4.6.2.1 ഗോത്രബന്ധങ്ങൾ 179

4.6.2.2 കുടുംബബന്ധങ്ങൾ 183

4.6.2.3 തൊഴിൽ - ഉടമ - ബന്ധങ്ങൾ 186

4.7 ആദിവാസി നേരിടുന്ന ചൂഷണങ്ങൾ 189

4.7.1 സാമ്പത്തിക ചൂഷണങ്ങൾ 190

4.7.1.1 തൊഴിലിടങ്ങളുടെ കൈയടക്കം 190

4.7.1.1.1 കൃഷിയിടങ്ങൾ 190

4.7.1.1.2 കാർഷികേതര തൊഴിലിടങ്ങളുടെ നഷ്ടം 193

4.7.1.2 വേതനവ്യവസ്ഥയിലെ അക്ലിപ്തത 194

4.7.1.3 വ്യാപാരങ്ങളിലെ സാമ്പത്തിക ചൂഷണങ്ങൾ 199

4.7.2 സാംസ്ക്കാരിക ചൂഷണങ്ങൾ 201

4.8 ഗോത്രഘടന നടത്തുന്ന ചൂഷണങ്ങൾ 211

4.9 ക്ഷേമപ്രവർത്തനങ്ങൾ 214

4.10 സാക്ഷരത 217

4.11 പൊതുധാരയും തനതുധാരയും 219

4.12 ഭാഷയും ശൈലിയും പ്രത്യക്ഷപ്പെടുത്തുന്ന പക്ഷങ്ങൾ 223

4.13 ക്രോഡീകരണം 229

കുറിപ്പുകൾ 230


**അദ്ധ്യായം അഞ്ച്**


നിഗമനങ്ങളും കണ്ടെത്തലുകളും 233 , 237

അനുബന്ധം ഒന്ന് - അഭിമുഖം 240

അനുബന്ധം രണ്ട് - പ്രഥമ ആകരഗ്രന്ഥങ്ങൾ 250

അനുബന്ധം മൂന്ന് - ദ്വിതീയ ആകരഗ്രന്ഥങ്ങൾ 252

അനുബന്ധം നാല് - ആനുകാലികങ്ങൾ 261

# കൃതജ്ഞത

'പാരിസ്ഥിതിക സ്ത്രീവാദം പി. വത്സലയുടെ നോവലുകളിൽ' എന്ന ഈ പ്രബന്ധം എറണാകുളം മഹാരാജാസ് കോളേജ് മലയാളം വിഭാഗത്തിൽ ഡോ. കെ. രതി അവർകളുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നടത്തിയ ഗവേഷണത്തിന്റെ ഫലമാണ്. 2002-ൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ വിഭാഗത്തിൽ ഫുൾടൈം ഗവേഷണ വിദ്യാർത്ഥിനിയായി ഞാൻ രജിസ്റ്റർ ചെയ്തു.

ഈ പ്രബന്ധത്തിന്റെ ഘടനയ്ക്ക് രതിടീച്ചറുടെ നിർദ്ദേശങ്ങൾ ആണ് അടിസ്ഥാനം. ഗവേഷണത്തിന്റെ ആരംഭം മുതൽ അവസാനം വരെ നിരന്തരമായ പ്രേരണയും പ്രോത്സാഹനവും മാർഗ്ഗനിർദ്ദേശവും നൽകിയ ടീച്ചർക്ക് വിനയപുരസ്സരം നന്ദി രേഖപ്പെടുത്തുന്നു. ഗവേഷണത്തിലുടനീളം ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകാൻ സൗമനസ്യം പ്രകടിപ്പിച്ച ശ്രീ. കെ. പി. ശങ്കരൻ മാഷിനോടുള്ള നന്ദി വാക്കുകളിൽ ഒതുക്കാവുന്നതല്ല. അഭിമുഖത്തിനും അനൗപചാരിക ചർച്ചകൾക്കും സ്നേഹപൂർവ്വം തയ്യാറായ നോവലിസ്റ്റ് പി. വത്സലയോട് ഏറെ കടപ്പാടുണ്ട്.

ഈ കാലയളവിൽ മഹാരാജാസ് കോളേജിലെ പ്രിൻസിപ്പൽമാരും അദ്ധ്യാപകരും അനദ്ധ്യാപകരും, പ്രത്യേകിച്ച് മലയാളം വകുപ്പിലെ അദ്ധ്യാപകരും, നൽകിയ സഹകരണങ്ങൾക്ക് പ്രത്യേകം നന്ദിയുണ്ട്. വകുപ്പുമേധാവികളായിരുന്ന ഇന്ദിരടീച്ചർ, അയ്യപ്പൻ സാർ, ഐവിസാർ, ധനലക്ഷ്മിടീച്ചർ എന്നിവരോട് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

മഹാരാജാസ് കോളേജ് മലയാളം വിഭാഗം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ അപ്പൻ തമ്പുരാൻ സ്മാരക ഗ്രന്ഥ ശേഖരം, തൃശ്ശൂർ വിമലാകോളേജ് ലൈബ്രറി, തൃശ്ശൂർ പബ്ലിക് ലൈബ്രറി എന്നീ സ്ഥാപനങ്ങളാണ് ഈ പഠനത്തിന് വേണ്ടി പ്രധാനമായും ഉപയോഗിച്ചിരുന്നത്. ഇതിനായി സഹായ സഹകരണങ്ങൾ നൽകിയ സാഹിത്യ അക്കാദമി സെക്രട്ടറി ഡോ. പി. വി. കൃഷ്ണൻ നായർ, വിമല കോളേജ് ലൈബ്രേറിയൻ സിസ്റ്റർ ആനി ഫെലിക്സ് ഈ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവരോട് കൃതജ്ഞത രേഖപ്പെടുത്തുന്നു.

പ്രബന്ധത്തിന്റെ പല ഘട്ടങ്ങളിൽ സഹായിച്ച പ്രൊഫ. വൈ. ശാന്തകുമാരി, പ്രബന്ധകാലയളവിൽ പ്രോത്സാഹനവും പിന്തുണയും നൽകിയ എന്റെ ഗുരു സിസ്റ്റർ ലേഖ, കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ എന്നിവരേയും നന്ദിയോടെ സ്മരിക്കുന്നു.

ഈ പ്രബന്ധത്തിന്റെ ഡി. റ്റി. പി. നിശ്ചിതസമയത്തിനകത്ത് കാര്യക്ഷമതയോടെ ചെയ്തു തന്ന ശ്രീ. അവറാച്ചനോടും കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഹേമമാലിനി എം.

# ചുരുക്കെഴുത്തുസൂചി

| | | |
|---|---|---|
| അ. ഗ്ര. | - | അതേ ഗ്രന്ഥം |
| അ. ലേ | - | അതേ ലേഖനം |
| എൻ.ബി.എസ്. | - | നാഷനൽ ബുക്ക് സ്റ്റാൾ |
| എഡി. | - | എഡിറ്റർ |
| കറന്റ് | - | കറന്റ് ബുക്സ് |
| കേ. ഭാ. ഇ. | - | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് |
| കേ. ശാ. സാ. പ. | - | കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് |
| കേ. സാ. അ. | - | കേരള സാഹിത്യ അക്കാദമി |
| ഡിസി | - | ഡി.സി. ബുക്സ് |
| പരി. | - | പരിഭാഷ |
| പു. | - | പുറം |
| പു: | - | പുസ്തകം |
| പ്രഭാത് | - | പ്രഭാത് ബുക്സ് |
| പ്രസി. | - | പ്രസിദ്ധീകരണം |
| മാതൃഭൂമി | - | മാതൃഭൂമി പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്. |
| ല. | - | ലക്കം |
| ലേ. | - | ലേഖനം |
| വിദ്യാർത്ഥിമിത്രം | - | വിദ്യാർത്ഥിമിത്രം പ്രസ്സ് ആൻഡ് ബുക്ക് ഡെപ്പോ |
| വിവ. | - | വിവർത്തനം |
| വ്യാ. | - | വ്യാഖ്യാനം |
| സമ്പാ. | - | സമ്പാദനം |
| സാ. പ്ര. സ. സം | - | സാഹിത്യ പ്രവർത്തക സഹകരണ സംഘം |
| Ed. | - | Editor |
| Eds. | - | Editors |
| P.No. | - | Page Number |
| Tran. | - | Translation |

# ഉപോദ്ഘാതം

## 0.1. പ്രബന്ധശീർഷകം

'പാരിസ്ഥിതിക സ്ത്രീവാദം പി. വത്സലയുടെ നോവലുകളിൽ' എന്നതാണ് പ്രബന്ധ ശീർഷകം.

## 0.2. പഠനലക്ഷ്യം

സാഹിത്യകൃതികളെ സിദ്ധാന്തങ്ങളിലൂടെ അപഗ്രഥനവിധേയമാക്കുന്നത് അവയുടെ പഠനത്തിനു സമഗ്രതയും ഗൗരവവും നൽകുന്നു. പാരിസ്ഥിതികസ്ത്രീവാദം എന്ന സിദ്ധാന്തത്തിന്റെ പരിപ്രേക്ഷ്യത്തിലൂടെ പി. വത്സലയുടെ നോവലുകളെ അപഗ്രഥിച്ച് സമകാലിക സാഹിത്യത്തിൽ നോവലിസ്റ്റിനുള്ള പ്രസക്തിയും പ്രധാന്യവും വെളിപ്പെടുത്തുകയാണ് പ്രബന്ധത്തിന്റെ ലക്ഷ്യം.

## 0.3. പഠനത്തിന്റെ പ്രസക്തിയും പ്രാധാന്യവും

ഇന്നു ഏറെ പ്രസക്തിയും പ്രചാരവുമുള്ള ചിന്താധാരകളാണ് പരിസ്ഥിതിവാദം, സ്ത്രീവാദം, കീഴാളവാദം എന്നിവ. ഇവയെല്ലാം സംയോജിച്ചുവരുന്നതും 1990കളിൽ പ്രചുരപ്രചാരം ലഭിച്ചതുമായ സിദ്ധാന്തമാണ് പാരിസ്ഥിതിക സ്ത്രീവാദം. മലയാളത്തിൽ സാഹിത്യകൃതികളെ പരിസ്ഥിതി വാദത്തിന്റേയും സ്ത്രീവാദത്തിന്റെയും പരിപ്രേക്ഷ്യങ്ങളിലൂടെ അപഗ്രഥിച്ച് പഠനം നടത്തിയിട്ടുണ്ട്. എന്നാൽ പാരിസ്ഥിതിക സ്ത്രീവാദം എന്ന സിദ്ധാന്തം പ്രയോഗിച്ച് കൃതികളെ അപഗ്രഥിക്കുന്ന പഠനങ്ങൾ അധികം നടന്നിട്ടില്ല. മലയാളസാഹിത്യത്തിൽ 1960കളുടെ അവസാനം മുതൽ സജീവയായ എഴുത്തുകാരിയാണ് പി. വത്സല. എന്നാൽ ഇവരുടെ രചനകളെക്കുറിച്ചുള്ള ഗൗരവപഠനങ്ങൾ അധികമില്ല. മലയാള സാഹിത്യചരിത്രങ്ങൾ, സാമൂഹ്യവാദത്തിന്റെ ഭാഗമായി വരുന്ന 'സ്ത്രീവാദങ്ങളുടെ ഉദാഹരണ

ങ്ങളായി വത്സലയുടെ കഥാപാത്രങ്ങളെ ഉദ്ധരിക്കാറുണ്ട്. കരുത്തുള്ള സ്ത്രീകഥാപാത്ര ങ്ങളുടെ സ്രഷ്ടാവ് എന്ന രീതിയിൽ വത്സലയുടെ നോവലുകളിലേയും കഥകളിലേയും സ്ത്രീകഥാപാത്രങ്ങളെ നിരൂപകർ പരാമർശിച്ചിട്ടുണ്ട്. എന്നാൽ സൂക്ഷ്മവായനകൾ ഈ രീതിയിൽ മാത്രം വിലയിരുത്തപ്പെടേണ്ടവയല്ല വത്സലയുടെ നോവലുകൾ എന്നു ബോധ്യ പ്പെടുത്തുന്നു. ആദിവാസിജനതയെ ആദ്യമായി സാഹിത്യത്തിലെ ഒരു ഗൗരവപ്രമേയമാ ക്കിയത് വത്സലയാണ്. ഈ വസ്തുത മുമ്പേ നിരീക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും ആദിവാസി സംസ്ക്കാരത്തെ നോവലിസ്റ്റ് രേഖപ്പെടുത്തുന്ന രീതികളെക്കുറിച്ചുള്ള ചർച്ചകളൊന്നും നടന്നിട്ടില്ല. പരിസ്ഥിതിയെക്കുറിച്ച് വ്യക്തവും വ്യതിരിക്തവുമായ വീക്ഷണങ്ങൾ പി. വത്സ ലയുടെ നോവലുകളിൽ കണ്ടെത്താം. പക്ഷേ നോവലിസ്റ്റിന്റെ പരിസ്ഥിതി വീക്ഷണങ്ങൾ പഠനവിധേയമാക്കിയിട്ടില്ല. ഇങ്ങനെ പരിസ്ഥിതി, സ്ത്രീവാദം, ആദിവാസി ഗോത്രജനത എന്നീ മൂന്നു ഘടകങ്ങൾക്കും പ്രാധാന്യം നൽകുന്ന നോവലുകളാണ് പി. വത്സലയുടേത് എന്നതിനാൽ ഇവ മൂന്നും ഉൾപ്പെടുന്ന പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പരിപ്രേക്ഷ്യ ത്തിലൂടെ ഈ നോവലുകൾ പഠനവിധേയമാക്കുന്നത് പ്രസക്തമാകുന്നു. ഈ പ്രബന്ധ ത്തിൽ പാരിസ്ഥിതിക സ്ത്രീവാദം എന്ന സിദ്ധാന്തത്തിന്റെ പരിചയവും വത്സലയുടെ നോവലുകളുടെ വിശദപഠനവും സാധിക്കുന്നു.

## 0.4. പൂർവ്വപഠനങ്ങൾ

പാരിസ്ഥിതിക സ്ത്രീവാദം എന്ന സിദ്ധാന്തത്തെ മലയാളത്തിൽ ചില ലേഖനങ്ങളി ലൂടെ പരിചയപ്പെടുത്തിയിട്ടുണ്ട്. 'ഫെമിനിസം' (വാല്യം-II) എന്ന ഗ്രന്ഥത്തിലെ എസ്. ശാര ദക്കുട്ടിയുടെ 'പാരിസ്ഥിതിക സ്ത്രീവാദം' എന്ന ലേഖനം, 'ഹരിത നിരൂപണം മലയാള ത്തിൽ' എന്ന ഗ്രന്ഥത്തിൽ മഹമുദബീഗം എഴുതിയ ലേഖനം, എൻ.എം. പിയേഴ്സന്റെ 'ഇക്കോഫെമിനിസം, ഇക്കോടൂറിസം, ഇക്കോ മാർക്സിസം' എന്ന ഗ്രന്ഥം, എന്നിവയാണ് ഈ വിഷയത്തെ പ്രതിപാദിക്കുന്ന പ്രധാന പഠനങ്ങൾ. ഈ സിദ്ധാന്തമുപയോഗിച്ച് സാഹി ത്യകൃതികളെ അപഗ്രഥിക്കുന്ന പഠനങ്ങൾ അധികമില്ല. ജി. മധുസൂദനന്റെ 'കഥയും പരി സ്ഥിതി'യും എന്ന ഗ്രന്ഥത്തിൽ മലയാളത്തിലെ ശ്രദ്ധേയമായ ചെറുകഥകളെ ഈ സിദ്ധാ ന്തത്തിലൂടെ വിലയിരുത്തുന്നുണ്ട്. 'ഹരിതനിരൂപണം മലയാളത്തിൽ' എന്ന ഗ്രന്ഥത്തിൽ

സുഗതകുമാരിയുടെ കവിതകളെക്കുറിച്ച് എസ്. ശാരദക്കുട്ടിയുടെ പഠനവും ഈ വിധത്തിലുള്ളതാണ്. പി. വത്സലയുടെ കൃതികളെക്കുറിച്ചുള്ള പഠനങ്ങൾ വിരളമാണ്. കെ.എം. തരകന്റെ 'നോവൽ സാഹിത്യചരിത്രം', പി.കെ. രാജശേഖരന്റെ 'അന്ധനായ ദൈവം, മലയാള നോവലിന്റെ നൂറു വർഷങ്ങൾ', കൽപ്പറ്റ ബാലകൃഷ്ണന്റെ 'മലയാള സാഹിത്യചരിത്രം' എന്നീ കൃതികളിൽ വത്സലയുടെ നോവലുകളെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. 'നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം' (വാല്യം-III) എന്ന ഗ്രന്ഥത്തിലെ എം. ലീലാവതിയുടെ 'സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള സ്ത്രീസ്വത്വാവിഷ്ക്കാരം മലയാള സാഹിത്യത്തിൽ' എന്ന ലേഖനം, ടി.എൻ. ജയചന്ദ്രന്റെ 'മലയാളത്തിലെ വനിതാ നോവലിസ്റ്റുകൾ' (ഭാഷാപോഷിണി, നവംബർ, 1997) എന്ന ലേഖനം, 'പെണ്ണെഴുത്ത്' എന്ന ഗ്രന്ഥത്തിൽ ലേഖാ നരേന്ദ്രൻ എഴുതിയ 'മലയാള നോവലും പെണ്ണെഴുത്തും' എന്ന ലേഖനം, എം. ലീലാകുമാരിയുടെ 'സ്ത്രീസങ്കല്പം മലയാളനോവലിൽ' എന്ന ഗ്രന്ഥം, പി. സുഖലതയുടെ 'വനിതാ നോവലിസ്റ്റുകളുടെ ഫെമിനിസ്റ്റ് സമീപനം' എന്ന ഗവേഷണ പ്രബന്ധം, കെ. സരസ്വതിയുടെ 'മലയാള നോവലിനു കാഥികകളുടെ പ്രമുഖസംഭാവനകൾ 1980 വരെ- ഒരു പഠനം' എന്ന ഗവേഷണ പ്രബന്ധം എന്നിവ പി. വത്സലയുടെ നോവലുകളെ പഠനവിധേയമാക്കുന്നുണ്ട്. ഈ പഠനങ്ങൾ വത്സലയുടെ നോവലുകളിലെ സ്ത്രീവാദത്തെയാണ് വിശകലനം ചെയ്യുന്നത്. എം. ലീലാവതിയുടെ 'കാവ്യാരതി'യിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന 'ആഗ്നേയത്തിലെ നങ്ങേമ' എന്ന ലേഖനം പി. വത്സലയുടെ 'ആഗ്നേയം' എന്ന നോവലിനെക്കുറിച്ചും ഇതിലെ നങ്ങേമ എന്ന പ്രധാനകഥാപാത്രത്തെക്കുറിച്ചും വിശദമായി പ്രതിപാദിക്കുന്നു. കെ.എസ്.പി. കർത്താവിന്റെ 'വയനാടിന്റെ കഥാകാരി' (സാഹിത്യലോകം, ജൂലൈ, 1984), പി. പത്മിനിയുടെ 'കൊല്ലികളും മലമുടികളും' ("നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം") (വാല്യം-II), ടി.കെ. അനിൽകുമാറിന്റെ 'കീഴാളസാന്നിദ്ധ്യം സ്വാതന്ത്ര്യാനന്തര മലയാള സാഹിത്യത്തിൽ' ("നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം") (വാല്യം-III), എന്നീ ലേഖനങ്ങൾ പി. വത്സലയുടെ നോവലുകളിലെ ആദിവാസി പരാമർശങ്ങളെ അപഗ്രഥിക്കുന്നു. ഗ്രന്ഥാലോകം (1998 ഡിസംബർ, വാല്യം 50, ലക്കം 12) പി.വത്സലയെക്കുറിച്ചുള്ള പ്രത്യേകപതിപ്പിൽ, കെ.പാനൂർ, സി.ആർ.സുശീലാദേവി, യു.കെ.കുമാരൻ, എം.കെ.ഹരി

കുമാർ, കെ.എസ്.പ്രകാശ്, കെ.എസ്.രവികുമാർ, ഒ.കെ.ജോണി തുടങ്ങിയവർ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. ഇവയെല്ലാം പി.വത്സലയുടെ കൃതികളിലെ സ്ത്രീവാദത്തേയും ആദിവാസിപഠനങ്ങളേയുമാണ് പ്രധാനമായും പരാമർശിക്കുന്നത്. വത്സലയുടെ നോവലുകളിലെ പരിസ്ഥിതി പരാമർശങ്ങൾ ഒരു പഠനത്തിലും ഉൾപ്പെടുന്നില്ല. ഈ പഠനങ്ങളെല്ലാം ഭാഗികമായതുകൊണ്ട് പരിസ്ഥിതിവാദം, സ്ത്രീവാദം, ആദിവാസി സമൂഹപാഠങ്ങൾ എന്നിവയെ ഉൾക്കൊള്ളുന്ന പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പരിപ്രേക്ഷ്യത്തിൽ വത്സലയുടെ നോവലുകളെ അപഗ്രഥിക്കുന്നത് പ്രസക്തമാണ്.

## 0.5. പഠനമേഖല

ഈ പ്രബന്ധപഠനത്തിനു വത്സലയുടെ നോവലുകളാണ് തെരഞ്ഞെടുത്തിരിക്കുന്നത്. പി. വത്സലയുടെ എല്ലാ നോവലുകളും പഠനവിധേയമാക്കിയിട്ടില്ല. പ്രബന്ധവിഷയമാണ് നോവലുകളുടെ തെരഞ്ഞെടുപ്പിനു മാനദണ്ഡമാക്കിയിരിക്കുന്നത്. 'തകർച്ച', 'നെല്ല്', 'നിഴലുറങ്ങുന്ന വഴികൾ', 'അരക്കില്ലം', 'ആഗ്നേയം', 'കൂമൻകൊല്ലി', 'ഗൗതമൻ', 'ആരും മരിക്കുന്നില്ല', 'നമ്പരുകൾ', 'റോസ്മേരിയുടെ ആകാശങ്ങൾ' എന്നീ നോവലുകളാണ് പ്രധാനമായും പഠനവിധേയമാക്കുന്നത്.

## 0.6. പഠനരീതി

പാരിസ്ഥിതിക സ്ത്രീവാദം എന്ന സിദ്ധാന്തത്തിൽ ഉൾപ്പെടുന്ന വ്യത്യസ്ത ഘടകങ്ങളെ പ്രത്യേകം അദ്ധ്യായങ്ങളായി തിരിച്ച്, ഓരോ ഘടകവും വത്സലയുടെ നോവലുകളിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നു പരിശോധിക്കുന്നു. ഇതിലൂടെ നോവലുകളിൽ ഓരോ ഘടകത്തിനും നൽകിയിരിക്കുന്ന പ്രാധാന്യം തിരിച്ചറിഞ്ഞ് ഈ ഘടകങ്ങളെ നോവലിസ്റ്റ് എങ്ങനെ വീക്ഷിക്കുന്നു എന്നു കണ്ടെത്തുകയാണ് ചെയ്യുന്നത്. തുടർന്ന് പാരിസ്ഥിതിക സ്ത്രീവാദം എന്ന സിദ്ധാന്തത്തെ നോവലുകൾ എങ്ങനെ വ്യാഖ്യാനിക്കുന്നു എന്നു വിശദീകരിക്കുന്നു.

## 0.7. പ്രബന്ധ സ്വരൂപം

ഈ പ്രബന്ധത്തിനു അഞ്ച് അദ്ധ്യായങ്ങൾ ഉണ്ടായിരിക്കും. ഒന്നാം അദ്ധ്യായത്തിൽ

'പാരിസ്ഥിതിക സ്ത്രീവാദം' എന്ന സിദ്ധാന്തത്തെ പരിചയപ്പെടുത്തുന്നു. എഴുപതുകളിൽ രൂപം കൊണ്ടതും തൊണ്ണൂറുകളിൽ വിശദവും വിപുലവുമായ ചർച്ചകൾ ഉരുത്തിരിഞ്ഞതുമായ ഈ സിദ്ധാന്തത്തിന്റെ വിശദീകരണത്തിൽ, പാരിസ്ഥിതിക സ്ത്രീവാദം എന്ന ശീർഷകം സൂചന നൽകുന്ന പരിസ്ഥിതി, സ്ത്രീ എന്നിവ തമ്മിലുള്ള ബന്ധങ്ങൾ, ഇവയ്ക്കുള്ള സമാനതകൾ എന്നിവ പരിശോധിച്ച് ഈ സിദ്ധാന്തങ്ങളെക്കുറിച്ചുണ്ടായിട്ടുള്ള നിർവ്വചനങ്ങൾ ക്രോഡീകരിക്കുന്നു. ചില നിർവ്വചനങ്ങൾ വിഷയത്തിന്റെ അർത്ഥവ്യാപ്തിയെ സൂചിപ്പിക്കുന്നതിനാൽ പാരിസ്ഥിതിക സ്ത്രീവാദത്തിൽ ഉൾപ്പെടുന്ന മറ്റ് ഘടകങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങളും പ്രധാനമാണ്. ഇതനുസരിച്ച് പാരിസ്ഥിതിക സ്ത്രീവാദം സമൂഹത്തിലെ മുഖ്യധാരയിൽ നിന്നും പ്രാന്തവൽക്കരിക്കപ്പെടുന്ന എല്ലാ ഘടകങ്ങളേയും സിദ്ധാന്തപരിധിയിൽ ഉൾപ്പെടുത്തുന്നുണ്ട്. പ്രധാനമായും സ്ത്രീ, പരിസ്ഥിതി, ആദിവാസി സമൂഹം എന്നീ ഘടകങ്ങളെക്കുറിച്ചാണ് ചർച്ച ചെയ്യേണ്ടതെന്നു നിർവചനങ്ങൾ വ്യക്തമാക്കുന്നുണ്ട്. തുടർന്ന് ഈ ഓരോ വിഷയങ്ങളെക്കുറിച്ചുള്ള സിദ്ധാന്തത്തിന്റെ നിലപാടുകളെ വിശദീകരിക്കുന്നു. ഈ സിദ്ധാന്തത്തിലെ തന്നെ വ്യത്യസ്ത ചിന്താപദ്ധതികളെ പരിചയപ്പെടുത്തേണ്ടത് സിദ്ധാന്തവ്യാഖ്യാനത്തിനു ആവശ്യമായതിനാൽ അവയെ, അവയുടെ മേന്മകളും ന്യൂനതകളും ഉൾപ്പെടുത്തി പരിചയപ്പെടുത്തുന്നു. തുടർന്ന് ഈ അദ്ധ്യായത്തിൽ ഈ വിഷയത്തിന്റെ സാമൂഹിക പ്രസക്തിയും സാഹിത്യത്തിൽ അതിനുള്ള പ്രാധാന്യവും അന്വേഷിക്കുന്നു.

രണ്ടാം അദ്ധ്യായം പാരിസ്ഥിതിക സ്ത്രീവാദത്തിലെ പ്രഥമഘടകമായ പരിസ്ഥിതിയെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. പരിസ്ഥിതിയെക്കുറിച്ചുള്ള പൗരസ്ത്യവീക്ഷണങ്ങളാണ് ആദ്യം അന്വേഷിക്കുന്നത്. അതിനായി വേദങ്ങളിലും ഉപനിഷത്തുകളിലുമുള്ള പ്രകൃതി പരാമർശങ്ങൾ, വ്യത്യസ്തമതങ്ങൾ പ്രകൃതിക്കു നൽകുന്ന വിശദീകരണങ്ങൾ എന്നിവ പഠനവിധേയമാക്കുന്നു. ശേഷം ഗഹനപരിസ്ഥിതിവാദം എന്ന പാശ്ചാത്യ തത്ത്വചിന്ത, ഇത് വിഭാവനം ചെയ്യുന്ന പരിസ്ഥിതിദർശനങ്ങൾ എന്നിവ സംക്ഷിപ്തമായി പരാമർശിക്കുന്നുണ്ട്. തുടർന്നു വത്സലയുടെ നോവലുകളിലെ പരിസ്ഥിതി വീക്ഷണങ്ങൾ അപഗ്രഥിക്കുന്നു. ഭൗമസദാചാരം, ആത്മീയത, സാകല്യം എന്നിങ്ങനെ തരംതിരിച്ചാണ് നോവലു

കളിലെ പരിസ്ഥിതിപാഠങ്ങളെ പഠനവിധേയമാക്കുന്നത്. പ്രകൃതിഘടകങ്ങളെ തങ്ങളുടെ ഉപയോഗിതയ്ക്കു അതീതമായി സമഭാവനയോടെ ദർശിക്കുന്നതാണ് സാകല്യം. മനുഷ്യൻ തന്റെ അടിസ്ഥാന ആവശ്യങ്ങൾക്കായി പ്രകൃതിയെ ഉപയോഗിക്കുമ്പോഴും ദീക്ഷിക്കേണ്ട മിതത്വത്തെയാണ് ഭൗമസദാചാരം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രകൃതിയോടുള്ള ഇട പെടലുകളിൽ ഉണ്ടാകേണ്ട ധർമ്മബോധമാണ് ഹരിത ആത്മീയത. ഇവയെല്ലാം സാധൂക രിക്കുന്ന ഉദാഹരണങ്ങളും സന്ദർഭങ്ങളും വത്സലയുടെ നോവലുകളിൽ നിന്നു കണ്ടെത്തി വിശദീകരിക്കുന്നുണ്ട്. നോവലുകളിൽ സമൃദ്ധമായ കാർഷിക പരാമർശങ്ങൾ, അവയിലും ദീക്ഷിക്കപ്പെടുന്ന നൈതികത, കമ്മ്യൂണിസ്റ്റ് തത്ത്വശാസ്ത്രങ്ങൾക്കു പരിസ്ഥിതിയോടുള്ള കാഴ്ചപ്പാടുകൾ എന്നിവയെല്ലാം അപഗ്രഥനവിധേയമാക്കി ഇവയിലൂടെ സംവദിക്കപ്പെടുന്ന നോവലിസ്റ്റിന്റെ പരിസ്ഥിതിവീക്ഷണങ്ങളെ വിലയിരുത്തുന്നു. പരിസ്ഥിതി ദർശനങ്ങൾക്കു സ്ത്രീവാദമായും ആദിവാസി ജനതയുമായുമുള്ള ബന്ധങ്ങളും ഈ അദ്ധ്യായത്തിൽ പരി ശോധിക്കുന്നുണ്ട്.

മൂന്നാം അദ്ധ്യായത്തിൽ സ്ത്രീവാദമാണ് ചർച്ച ചെയ്യുന്നത്. സ്ത്രീപദവിയുടെ ചരിത്രാ ന്വേഷണമെന്ന നിലയിൽ ഭാരതത്തിലും കേരളത്തിലും സ്ത്രീപദവിക്കു നൽകിയിരുന്ന സ്വാതന്ത്ര്യവും സമത്വവും എന്താണെന്നു അന്വേഷിച്ച് പ്രതികൂല സാഹചര്യങ്ങളിൽ ഭാര തത്തിലും കേരളത്തിലും നടന്നിട്ടുള്ള സ്ത്രീമുന്നേറ്റങ്ങളുടെ ചരിത്രത്തെ സംക്ഷിപ്തമായി രേഖപ്പെടുത്തുന്നു. തുടർന്ന് സ്ത്രീവാദം എന്ന പാശ്ചാത്യതത്ത്വചിന്തയുടെ ചരിത്രവും വികാസവും അതിലെത്തന്നെ വ്യത്യസ്ത ചിന്താധാരകളും വിവരിക്കുന്നുണ്ട്. സാഹിത്യ ത്തിൽ സ്ത്രീപ്രാതിനിധ്യം ഏതു രീതിയിൽ പ്രത്യക്ഷപ്പെടുന്നുവെന്നു പരിശോധിച്ച് മല യാളത്തിലെ ആദ്യകാല പ്രമുഖ വനിതാനോവലിസ്റ്റുകളായ കെ. സരസ്വതി അമ്മയുടേയും രാജലക്ഷ്മിയുടേയും രചനകളെ അപഗ്രഥിക്കുന്നു. ഈ രണ്ട് എഴുത്തുകാരികളും പ്രത്യ ക്ഷീകരിച്ച സ്ത്രീവാദം എന്താണെന്നുള്ള അന്വേഷണം അവയിലെ അപൂർണ്ണതകളെ ബോധ്യപ്പെടുത്തുന്നുണ്ട്. തുടർന്നു പി. വത്സലയുടെ നോവലുകളിലെ സ്ത്രീവാദത്തെ വിശദമായി അപഗ്രഥിക്കുന്നു. സ്ത്രീ നേരിടുന്ന കായിക, ലൈംഗിക, ആർത്ഥിക ചൂഷണ ങ്ങളുടെ പരിസരങ്ങളും കാരണങ്ങളും വത്സലയുടെ നോവലുകളിൽ എങ്ങനെ വിവരിച്ചി

രിക്കുന്നു എന്നു പരിശോധിച്ച് ഓരോ സന്ദർഭങ്ങളിലും ഈ സ്ത്രീകഥാപാത്രങ്ങൾ എങ്ങ നെയെല്ലാം പ്രതികരിക്കുന്നു എന്നു കണ്ടെത്തി നോവലിസ്റ്റിന്റെ സ്ത്രീപക്ഷത്തെ നിർദ്ധാ രണം ചെയ്യുന്നു. ഈ നോവലുകളിൽ സ്ത്രീ നടത്തുന്ന സ്വാതന്ത്ര്യപരിശ്രമങ്ങളിൽ പുരു ഷകഥാപാത്രങ്ങളുടെ ഇടപെടലുകളും സഹകരണവും എങ്ങനെയാണെന്നുള്ള അന്വേ ഷണവും ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് പാരിസ്ഥിതിക സ്ത്രീവാദം മുന്നോട്ടുവയ്ക്കുന്ന സ്ത്രീവാദചിന്തകൾ ഇവയിൽ നിന്നു വായിച്ചെടുക്കാനാകുമോ എന്നു പരിശോധിക്കുന്നു.

നാലാം അദ്ധ്യായത്തിൽ വത്സലയുടെ നോവലുകളിലെ ആദിവാസി പാഠങ്ങളാണ് അപ ഗ്രഥിക്കുന്നത്. 'നെല്ല്', 'കൂമൻകൊല്ലി', 'റോസ്മേരിയുടെ ആകാശങ്ങൾ' എന്നീ നോവലുക ളിലാണ് പ്രധാനമായും ആദിവാസി സമൂഹത്തെ പരാമർശിക്കുന്നത്. ഈ മൂന്നു നോവലു കളിലേയും ഇത്തരം ഭാഗങ്ങൾ വിശദമായി പഠിച്ച് കീഴാള സമൂഹത്തിനോടുള്ള നോവലി സ്റ്റിന്റെ പക്ഷം പരിശോധിക്കുന്നു. കീഴാളർ നേരിടുന്ന ചൂഷണങ്ങൾ, ചൂഷണങ്ങളിൽ കീഴാ ളർ അനുഭവിക്കുന്ന സ്വത്വപ്രതിസന്ധികൾ ഇവയെല്ലാം നോവലുകളിൽ ആവിഷ്ക്കരി ച്ചിരിക്കുന്നത് വിശദമായി പഠിക്കുകയും കീഴാളപരിഷ്ക്കരണത്തിനു നോവലിസ്റ്റ് മുന്നോ ട്ടുവയ്ക്കുന്ന ഉപാധികൾ എന്തെല്ലാമാണെന്നു പരിശോധിക്കുകയും ചെയ്യുന്നു. പാരിസ്ഥി തിക സ്ത്രീവാദം ഇത്തരം പരിഷ്ക്കരണ ശ്രമങ്ങളിൽ ആദിവാസിസ്വത്വസംരക്ഷണത്തിനു പ്രത്യേകം പ്രാധാന്യം നൽകുന്നുണ്ട്. ഈ നോവലുകളിലൂടെ ആദിവാസികളുടെ തനതു സംസ്ക്കാരവും ജീവിതശൈലികളും സ്വഭാവസവിശേഷതകളും ആഖ്യാനം ചെയ്യുമ്പോൾ അവ ആദിവാസിഗോത്രപക്ഷങ്ങളെ സാധൂകരിക്കുന്നുണ്ടോ എന്നുള്ള അന്വേഷണമാണ് ഈ അദ്ധ്യായത്തിൽ നടത്തിയിരിക്കുന്നത്.

അഞ്ചാം അദ്ധ്യായം ഈ പ്രബന്ധത്തിന്റെ കണ്ടെത്തലുകളും നിഗമനങ്ങളുമാണ്. വത്സ ലയുടെ നോവലുകളെ പാരിസ്ഥിതിക സ്ത്രീവാദം എന്ന സിദ്ധാന്തത്തിൽ ഉൾപ്പെടുത്തി വിശദീകരിക്കാവുന്നതാണ് എന്നു സ്ഥാപിക്കുന്നതിനു കണ്ടെത്തിയ അറിവുകളാണ് നിഗ മനങ്ങളും കണ്ടെത്തലുകളും.